# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 4697

22.03.2018-ൽ മറുപടിക്ക്

**<u>മുദ്രപത്രക്ഷാമത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) മൂല്യം കുറഞ്ഞ മുദ്രപത്രങ്ങളുടെ മൂല്യം ഉയർത്തി (റീ വാല്യുവേറ്റഡ്) മുദ്രപത്രക്ഷാമം പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും 7 മുതൽ 10 രൂപ വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും പുനർമൂല്യനിർണ്ണയം (റീ-വാലിഡേറ്റ്) ചെയ്ത് മുദ്രപത്ര ക്ഷാമം പരിഹരിക്കുന്നതിനു നടപടിയെടുത്തിട്ടുണ്ട്. |
| ബി) 50,100 രൂപയുടെ മുദ്രപത്രങ്ങളാണ് സാധാരണക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കേണ്ടി വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംസ്ഥാനത്തൊരിടത്തും കിട്ടാത്തത് കാരണം 500 രൂപയുടെ മുദ്രപത്രം പകരം ഉപയോഗിക്കേണ്ടി വന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;<br><br>സി) ഇത് സർക്കാരിന് കൂടുതൽ വരുമാനമുണ്ടാക്കുമെങ്കിലും ജനങ്ങൾക്ക് വലിയ സാമ്പത്തിക നഷ്ടം വരുത്തിയ കാര്യം പരിശോധിക്കുകയുണ്ടായോ; | ബി) യും സി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 50,100 രൂപയുടെ മുദ്രപത്രങ്ങൾക്ക് പകരം 500 രൂപയുടെ മുദ്രപത്രം ഉപയോഗിക്കേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് മുദ്രക്കടലാസ് ക്ഷാമത്തിന് കാരണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കുമോ? | ഡി) ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ